സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം
Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 74 | 2025 ജൂൺ 04 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### അമ്മയുടെ ഒക്കത്തിരുന്ന കുഞ്ഞിന്റെ സ്വർണമാല പൊട്ടിച്ച് സ്ത്രീ

കോഴിക്കോട്: നാദാപുരത്ത് കുഞ്ഞിന്റെ കഴുത്തിൽനിന്ന് സ്വർണമാല മോഷ്ടിച്ചു. യുവതിയുടെ കൈയ്യിലിരുന്ന കുഞ്ഞിന്റെ കഴുത്തിൽനിന്ന് മാല മോഷ്ടിക്കുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം നാദാപുരത്താണ് സംഭവം. ബസ്സ്റ്റാന്റിലെ ബുക്ക് സ്റ്റാളിലെത്തിയ നാദാപുരം ചാലപ്പുറം സ്വദേശിയായ യുവതിയുടെ കുട്ടിയുടെ മാലയാണ് മോഷ്ടിക്കപ്പെട്ടത്. ഒരു പവൻ തൂക്കം വരുന്നതാണ് മാല. നീല ചുരിദാറും വെള്ള ഷാളും ധരിച്ച യുവതിയാണ് അമ്മക്ക് പിന്നാലെ നടന്ന് കുട്ടിയുടെ കഴുത്തിലെ സ്വർണമാല തന്ത്രപരമായി പൊട്ടിച്ചെടുത്തത്. പരാതിയിൽ നാദാപുരം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# റെക്കോഡ് ഭൂരിപക്ഷത്തിൽ ഷൗക്കത്ത് വിജയിക്കും: കെ.സി. വേണുഗോപാൽ



ന്യൂഡൽഹി: നിലമ്പൂരിൽ നിന്ന് റെക്കോർഡ് ഭൂരിപക്ഷത്തിൽ ആര്യാടൻ ഷൗക്കത്ത് എം.എൽ.എയായിരിക്കുമെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് യു.ഡി.എഫിന്റെ പ്രചരണമെന്നും അദ്ദേഹം പറഞ്ഞു.

മനുഷ്യ-വന്യമൃഗ ഏറ്റുമുട്ടൽ, ദേശീയപാതയിലെ അഴിമതി, തകർന്ന ദേശീയപാത മുഖ്യമന്ത്രി സന്ദർശിക്കാത്തത് അടക്കമുള്ള വിഷയങ്ങൾ യു.ഡി.എഫ് ചൂണ്ടിക്കാട്ടിയിരുന്നു. ആശ വർക്കർമാരുടെ സമരം നടത്തുന്നത് പാട്ടപ്പിരിവ് നടത്തിയാണെന്ന് സി.പി.എം അധിക്ഷേപിച്ചു.

കേന്ദ്ര സർക്കാറിനോട് നേരെ നിന്ന് ആവശ്യങ്ങൾ ചോദിക്കാൻ കേരള സർക്കാറിന് സാധിക്കുന്നില്ല. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയും എത്ര ആർജവത്തോടെയാണ് അമിത്ഷാക്കും നരേന്ദ്ര മോദിക്കും എതിരെ ചോദ്യങ്ങൾ ചോദിക്കുന്നത്. കേന്ദ്ര സർക്കാറിനോട് ആവശ്യങ്ങൾ ചോദിക്കാൻ എന്താണ് കേരള സർക്കാറിന് പേടിയെന്നും കെ.സി. വേണുഗോപാൽ ചോദിച്ചു.

കുന്നുകൾ ഇടിച്ചാണ് ദേശീയപാത നിർമിച്ചതെന്ന് വിദഗ്ധ സമിതി കണ്ടെത്തിയെന്നാണ് മാധ്യമങ്ങളിൽ വന്ന പുതിയ വാർത്ത. കേന്ദ്ര സർക്കാർ ചെയ്യുന്നതെല്ലാം ഭംഗിയായിട്ടാണെന്നും ഒരു പ്രശ്നവുമില്ലെന്നും സമയബന്ധിതമായി പൂർത്തീകരിക്കാൻ പറയുമെന്നാണ് സർക്കാർ നിലപാടെന്നും വേണുഗോപാൽ ആരോപിച്ചു.

### അജ്ഞാത മൃഗം കടിച്ചത് 18പേരെ, 6 പേർ മരണപ്പെട്ടു

ഭോപ്പാൽ: വനംവകുപ്പിനെയും നാട്ടുകാരെയും ആശങ്കയിലാക്കി അജ്ഞാത മൃഗം. കഴിഞ്ഞ മാസം അഞ്ചിന് 18 പേരടങ്ങുന്ന സംഘത്തെ ഈ മൃഗം ആക്രമിച്ചിരുന്നു. അതിൽ ആറുപേരാണ് ഇപ്പോൾ മരണത്തിന് കീഴടങ്ങിയിരിക്കുന്നത്. റെയ്ലി ബായ് (60), മൻഷാരം ഛഗൻ (50), സുർസിംഗ് മാൽസിംഗ് (50), സാദി ബായ് (60), ചെയിൻസിംഗ് ഉംറാവു (50), സുനിൽ ജെതാരിയ (40) എന്നിവരാണ് മരിച്ചത്.ബർവാനി ജില്ലയിലെ ലിംബായ് ഗ്രാമത്തിൽ തുടർച്ചയായുണ്ടാകുന്ന കൊലപാതകങ്ങൾ ആക്രമണകാരിയുടെ സ്വഭാവത്തെക്കുറിച്ചുള്ള ദുരൂഹത വർദ്ധിപ്പിക്കുകയാണ്. ഈ മൃഗത്തെ കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. സുനിൽ ജെതാരിയയുടെ മരണത്തിന് പിന്നാലെ നാട്ടുകാർ ലിംബായിൽ നിന്ന് വനം വകുപ്പ് ഓഫീസിലേക്ക് ഒമ്പത് കിലോമീറ്റർ മാർച്ച് നടത്തി പ്രതിഷേധിച്ചു.

### പോക്സോ പ്രതി അതിഥിയായെത്തിയ സംഭവത്തിൽ നടപടിക്ക് ശുപാർശ

തിരു: പോക്സോ കേസ് പ്രതി മുകേഷ് എം നായർ പ്രവേശനോത്സവത്തിൽ പങ്കെടുത്ത സംഭവത്തിൽ സ്കൂളിന് വീഴ്ച പറ്റിയെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്. ഉത്തരവാദിത്തത്തിൽ നിന്ന് ഹെഡ്മാസ്റ്റർക്ക് ഒഴിയാൻ കഴിയില്ല. നടപടി ശുപാർശ ചെയ്യാൻ ഡെപ്യൂട്ടി ഡയറക്ടർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകി.

കഴിഞ്ഞ ദിവസം ഫോർട്ട് ഹൈസ്കൂളിലെ പ്രവേശനോത്സവ ചടങ്ങിലാണ് പോക്സോ കേസ് പ്രതിയും വ്ലോഗറുമായ മുകേഷ് മുഖ്യാതിഥിയായത്. പോക്സോ, എക്സൈസ് കേസുകളിലെ പ്രതി സ്കൂളിലെ ചടങ്ങിൽ പങ്കെടുത്തത് വലിയ വിവാദമായിരുന്നു. ഇതേത്തുടർന്ന് സംഭവത്തിൽ അന്വേഷണം നടത്താൻ മന്ത്രി നിർദേശിച്ചു. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറോട് അന്വേഷിച്ച് ഉടൻ റിപ്പോർട്ട് സമർപ്പിക്കണമെന്നായിരുന്നു മന്ത്രിയുടെ നിർദേശം. സംഭവത്തിൽ ഹെഡ്മാസ്റ്റർ പ്രതികരണം നടത്തിയിരുന്നു.

'പ്രവേശനോത്സവത്തിന് വാർഡ് കൗൺസിലർ ജാനകി അമ്മാളിനെ മാത്രമാണ് സ്കൂളിൽ നിന്ന് ക്ഷണിച്ചത്. സന്നദ്ധസംഘടനയായ ജെസിഐ കഴിഞ്ഞ കുറച്ച് വർഷങ്ങളായി സ്കൂളിൽ പഠനോപകരണങ്ങളും സ്കോളർഷിപ്പും വിതരണം ചെയ്യുന്നുണ്ട്. പ്രവേശനോത്സവത്തിന്റെ ഭാഗമായി മുകേഷ് എം നായർ വരുമെന്ന് സംഘടന അറിയിച്ചിരുന്നില്ല. ഒരു സെലിബ്രിറ്റി വരുമെന്ന് മാത്രമാണ് പറഞ്ഞത്. പരിപാടിക്കിടെ അപ്രതീക്ഷിതമായാണ് മുകേഷ് എത്തിയത്. ആളിനെ തിരിച്ചറിയാനും കഴിഞ്ഞില്ല.

# മുഖ്യമന്ത്രി വഞ്ചകൻ, ക്രൈസ്തവരെ വഞ്ചിച്ചു; പിതാവിനെപ്പോലെ കണ്ടാണ് കൂടെ നിന്നതെന്ന് അൻവർ



മലപ്പുറം: മുനമ്പം വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വഞ്ചകനെന്ന് പി വി അൻവർ. ക്രൈസ്തവരെ മുഖ്യമന്ത്രി വഞ്ചിച്ചെന്നും പിതാവിനെപ്പോലെ കണ്ടാണ് അദ്ദേഹത്തിനൊപ്പം നിന്നതെന്നും അൻവർ വ്യക്തമാക്കി. കൈയും കാലും കെട്ടിയിട്ട സ്ഥിതിയിലാണ് മുഖ്യമന്ത്രിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിഎസിനേയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും പിണറായി വിജയൻ വഞ്ചിച്ചെന്നും അൻവർ ആരോപിച്ചു. വഞ്ചനയുടെ ഫലമാണ് അദ്ദേഹത്തിന്റെ മുഖ്യമന്ത്രി സ്ഥാനം. തീർത്തും വഞ്ചകനായ അദ്ദേഹം എങ്ങനെയാണ് തന്നെ വഞ്ചകനെന്ന് വിളിക്കുന്നതെന്നും അൻവർ ചോദിച്ചു.

ഡൽഹിയിൽ വച്ച് ഒരു മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിൽ മലപ്പുറം ജില്ലയെ വഞ്ചിച്ചവനാണ് മുഖ്യമന്ത്രി. ആ അഭിമുഖം താനാണ് പുറത്തുവിട്ടത്. ബിജെപിക്ക് ആയുധം ഉണ്ടാക്കിക്കൊടുക്കുക എന്ന കരാറിന്റെ ബാക്കിപത്രമായിരുന്നു ഡൽഹിയിൽവച്ചുള്ള അഭിമുഖമെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, തൃണമൂൽ സ്ഥാനാർത്ഥിയായി നൽകിയ അൻവറിന്റെ പത്രിക ഇന്നലെ വരണാധികാരിയായ പെരിന്തൽമണ്ണ സബ് കളക്ടർ അപൂർവ ത്രിപാഠി തള്ളിയിരുന്നു. എന്നാൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കാനുള്ള മറ്റൊരു പത്രിക അംഗീകരിച്ചു.

തൃണമൂൽ കോൺഗ്രസ് ദേശീയ പാർട്ടി അല്ലാത്തതിനാൽ നോമിനേഷനിൽ പത്തുപേർ ഒപ്പിടണം. എന്നാൽ, അൻവർ സമർപ്പിച്ച പത്രികയിൽ ഒരു ഒപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതോടെയാണ് പത്രിക തള്ളിയത്. പാർട്ടി ചിഹ്നത്തിൽ മത്സരിക്കാൻ സാങ്കേതിക തടസമുള്ളതിനാൽ സ്വതന്ത്രനായി മറ്റൊരു പത്രിക കൂടി അൻവർ നൽകുകയായിരുന്നു.

പി വി അൻവറിന് ആം ആദ്മി പാർട്ടി പിന്തുണ നൽകില്ല. തൃണമൂൽ കോൺഗ്രസിന്റെ നാമനിർദേശ പത്രിക തള്ളിയ സാഹചര്യത്തിലാണ് തീരുമാനം. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ആരെയും പിന്തുണയ്ക്കേണ്ടതില്ലെന്നാണ് ആം ആദ്മി ദേശീയ നേതൃത്വം സംസ്ഥാന നേതൃത്വത്തിന് നിർദേശം നൽകിയിരിക്കുന്നത്.

അൻവറിന് മുന്നിൽ അടച്ച വാതിൽ തുറക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. യു ഡി എഫിന്റെ അഭിമാനത്തിന് വില പറയാൻ ആരെയും സമ്മതിക്കില്ല. അൻവറിന്റെ കാര്യത്തിൽ തീരുമാനമെടുത്തത് താൻ ഒറ്റയ്ക്കല്ല. പി കെ കുഞ്ഞാലിക്കുട്ടിയും രമേശ് ചെന്നിത്തലയും കൂടി ആവശ്യപ്പെട്ട പശ്ചാത്തലത്തിലായിരുന്നു അത്. കുഞ്ഞാലിക്കുട്ടിയും രമേശ് ചെന്നിത്തലയുമാണ് ചർച്ചകൾക്ക് നേതൃത്വം കൊടുത്തത്. ചർച്ച തുടരുന്നതിൽ അർത്ഥമില്ലെന്ന് ഇരുവരും വ്യക്തമാക്കിയെന്നും സതീശൻ പറഞ്ഞു.

# ഇന്ത്യാസഖ്യം വിട്ട് എഎപി, ഇനി മത്സരം ഒറ്റക്ക്



ന്യൂഡൽഹി: ആം ആദ്മി പാർട്ടി ഇന്ത്യാ സഖ്യം വിട്ടു. 2024 ലോക്സഭാ തിരഞ്ഞെടുപ്പിന് മാത്രമാണ് പ്രതിപക്ഷ കൂട്ടായ്മ രൂപവത്കരിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് എഎപി പിന്മാറുന്നത്. ബിജെപിയും കോൺഗ്രസും രഹസ്യവും അഴിമതി നിറഞ്ഞതുമായ കരാറിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് ആരോപിച്ച എഎപി, വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ പാർട്ടി ഒറ്റയ്ക്ക് മത്സരിക്കുമെന്നും അറിയിച്ചു.

പഹൽഗാം വിഷയവും ഓപ്പറേഷൻ സിന്ദൂറും ചർച്ചചെയ്യാൻ പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസും മറ്റു 15 പ്രതിപക്ഷ പാർട്ടികളും പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതിയതിനു പിന്നാലെയാണ് എഎപിയുടെ പ്രസ്താവന. എഎപി ഇതേ ആവശ്യം ഉന്നയിച്ച് പ്രത്യേകമായി കത്തയച്ചു.

യഥാർഥ സഖ്യം ബിജെപിയും കോൺഗ്രസുമാണെന്ന് എഎപി ദേശീയ മാധ്യമ ചുമതലയുള്ള അനുരാഗ് ധണ്ട എക്സിൽ ആരോപിച്ചു. മോദിക്ക് രാഷ്ട്രീയമായി ഗുണംലഭിക്കുന്ന കാര്യങ്ങൾ മാത്രമാണ് രാഹുൽ ഗാന്ധി പറയുന്നത്. പകരമായി ഗാന്ധി കുടുംബത്തെ ജയിലിലേക്ക് പോകാതെ മോദി കാക്കുന്നു. രാജ്യത്തെ ജനങ്ങൾക്ക് വിദ്യാലയങ്ങൾ, ആശുപത്രികൾ, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ രണ്ടുകൂട്ടർക്കും താത്പര്യമില്ലെന്നും അദ്ദേഹം എക്സിൽ കുറിച്ചു.

ഇന്ത്യൻ രാഷ്ട്രീയം ശുദ്ധീകരിക്കാൻ, നമ്മൾ ഈ പിന്നണി ഗൂഢാലോചന അവസാനിപ്പിക്കണമെന്ന് എഎപി പ്രസ്താവനയിൽ അറിയിച്ചു. രാഹുലും മോദിയും വേദിയിൽ എതിരാളികളായി പ്രത്യക്ഷപ്പെട്ടേക്കാം. പക്ഷേ, ഇരുവർക്കും അവരവരുടെ രാഷ്ട്രീയ നിലനിൽപ്പാണ് പ്രധാനം എന്നതാണ് സത്യം. കോൺഗ്രസിന്റെ ദുർബലമായ രാഷ്ട്രീയം ബിജെപിയെ ശക്തിപ്പെടുത്തുന്നു. ബിജെപി ഭരണം കോൺഗ്രസിന്റെ അഴിമതികളെ മറച്ചുവെയ്ക്കുന്നുവെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

2024 ലോക്സഭാ തിരഞ്ഞെടുപ്പിനായി മാത്രമാണ് ഇന്ത്യാ സഖ്യം രൂപവത്കരിച്ചത്. ഇത് പ്രതിപക്ഷ കൂട്ടായ്മയ്ക്ക് 240 സീറ്റുകൾ നേടിത്തന്നു എന്നത് പ്രധാന നേട്ടമാണ്. എഎപിയെ സംബന്ധിച്ചിടത്തോളം, സഖ്യം അതിന്റെ ലക്ഷ്യം നേടി. ഇനി സഖ്യത്തിൽ തുടരാനില്ല. എല്ലാ സംസ്ഥാനങ്ങളിലും എഎപി ഒറ്റയ്ക്ക് മത്സരിക്കും. ഈവർഷം അവസാനം ബിഹാറിൽ നടക്കുന്ന തിരഞ്ഞെടുപ്പിലും ഒറ്റയ്ക്ക് മത്സരിക്കുമെന്നും ധണ്ട പറഞ്ഞു. അതേസമയം, പാർലമെന്റിൽ രാജ്യത്തിന് ഏറ്റവും നല്ലത് ഏതാണെന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നിലപാടിനെ തങ്ങളുടെ എംപിമാർ പിന്തുണയ്ക്കുമെന്നും ഇരുസഭകളിലേക്കും അതനുസരിച്ച് വോട്ടുചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### കണ്ണാശുപത്രിയിൽ ഗുരുതര ചികിത്സാപ്പിഴവ്; കണ്ണ് മാറി കുത്തിവയ്പ്പ് എടുത്തു, ഡോക്ടർക്ക് സസ്പെൻഷൻ

തിരു : സർക്കാർ കണ്ണാശുപത്രിയിൽ ഗുരുതര വീഴ്ച, കണ്ണിന് കുത്തിവയ്പ്പ് മാറിയെടുത്തതായി പരാതി. ഇടതുകണ്ണിലെടുക്കേണ്ട കുത്തിവയ്പ്പ് വലതുകണ്ണിലെടുക്കുകയായിരുന്നു. സംഭവത്തിൽ അസിസ്റ്റന്റ് പ്രൊഫസർ എസ് എസ് സുജീഷിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. കണ്ണ് മരവിപ്പിച്ച് ഓപ്പറേഷൻ തിയേറ്ററിൽ നൽകുന്ന ചികിത്സയാണ് മാറിപ്പോയത്.

51 വയസുള്ള ബീമാപ്പള്ളി സ്വദേശിനിയായ അസൂർ ബീവിയാണ് തിരുവനന്തപുരം കണ്ണാശുപത്രിയിൽ ഗുരുതര ചികിത്സാപ്പിഴവിനിരയായത്. കഴിഞ്ഞ ഒരാഴ്ചയായി ഇവർ കണ്ണാശുപത്രിയിൽ ചികിത്സ തേടി വരികയായിരുന്നു. കാഴ്ച മങ്ങലിനെത്തുടർന്ന് ഇടതുകണ്ണിനായിരുന്നു ചികിത്സ തേടിയത്. തുടർന്ന് കണ്ണിൽ നീർക്കെട്ട് ഉണ്ടാകുന്ന അവസ്ഥയാണെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ ഭാഗമായി മൂന്നാം തീയതിക്ക് മുൻപായി ഇടത് കണ്ണിൽ കുത്തിവയ്പ്പ് എടുക്കണമെന്ന് ഡോ. സുജീഷ് നിർദേശിക്കുകയും ചെയ്തു. പിന്നാലെ രോഗിയും ബന്ധുക്കളും തിങ്കളാഴ്ച ആശുപത്രിയിലെത്തി. അന്ന് ഇടതുകണ്ണ് വൃത്തിയാക്കുകയും മറ്റും ചെയ്തിരുന്നു.

കണ്ണ് ചികിത്സയ്ക്കായി ആവശ്യമുള്ള മരുന്ന് ലഭിക്കാത്തതിനാൽ ഡോക്ടറുടെ നിർദേശപ്രകാരം ഒരു വ്യക്തിക്ക് ഗൂഗിൾ പേയിലൂടെ 6000 രൂപ അയച്ചുകൊടുത്തതായി അസൂർ ബീവിയുടെ മകൻ പറയുന്നു. തുടർന്ന് മരുന്ന് എത്തിക്കുകയും ചെയ്തു. എന്നാൽ കുത്തിവയ്പ്പ് എടുത്തപ്പോൾ ചികിത്സ ലഭിക്കേണ്ട കണ്ണിനുപകരം വലതുകണ്ണിലെടുക്കുകയായിരുന്നു. പിന്നാലെ ബന്ധുക്കൾ സൂപ്രണ്ടിനും ഡയറക്ടർക്കും പരാതി നൽകിയതിനെത്തുടർന്നാണ് ഡോക്ടറെ സസ്പെൻഡ് ചെയ്തത്. അന്വേഷണത്തിന്റെ ഭാഗമായി രോഗിയിൽ നിന്നും ബന്ധുക്കളിൽ നിന്നും താമസിയാതെ മൊഴിയെടുക്കുമെന്നാണ് വിവരം.

# ബന്ധം പരസ്പര സമ്മതത്തോടെ സുകാന്തിന്റെ മൊഴി പുറത്ത്



കൊച്ചി: ഐബി ഉദ്യോഗസ്ഥയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ പ്രതി സുകാന്ത് സുരേഷിന്റെ മൊഴി പുറത്ത്. ഇന്നലെ വൈകിട്ട് യുവതിയുടെ തിരുവനന്തപുരത്തെ ഫ്ളാറ്റിൽ സുകാന്തുമായി തെളിവെടുപ്പ് നടത്തിയിരുന്നു. ഇതിനിടെ നടത്തിയ ചോദ്യം ചെയ്യലിന്റെ വിവരങ്ങളാണ് പുറത്തുവന്നത്.

ഇരുവരും തമ്മിലുണ്ടായിരുന്നത് പരസ്പര സമ്മതത്തോടെയുള്ള ബന്ധമാണെന്ന് ചോദ്യം ചെയ്യലിൽ സുകാന്ത് പൊലീസിനോട് പറഞ്ഞു. യുവതിയുമായി പലപ്പോഴായി പിണങ്ങിയിട്ടുണ്ടെന്നും പിന്നീട് വീണ്ടും സൗഹൃദത്തിലാകുമെന്നും സുകാന്ത് മൊഴി നൽകി. യുവതി ആത്മഹത്യ ചെയ്ത ദിവസവും പരസ്പരം വഴക്കിട്ടിരുന്നു. എന്നാൽ, ആത്മഹത്യ ചെയ്യേണ്ട സാഹചര്യം എന്താണെന്ന് അറിയില്ലെന്നുമാണ് സുകാന്തിന്റെ മൊഴി. സുകാന്തുമായി തിരുവനന്തപുരം പേട്ട പൊലീസ് ഇപ്പോൾ കൊച്ചിയിലെത്തിയിരിക്കുകയാണ്. നെടുമ്പാശേരിയിലെ ഇയാളുടെ അപ്പാർട്ട്മെന്റിൽ തെളിവെടുപ്പ് നടത്തും.

ഹൈക്കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് ഒളിവിലായിരുന്ന സുകാന്ത് കഴിഞ്ഞ മാസം അവസാനം കീഴടങ്ങിയത്. തുടർന്ന് തിരുവനന്തപുരത്ത് എത്തിച്ച പ്രതിയെ 14 ദിവസത്തേക്ക് കോടതി റിമാൻഡ് ചെയ്തിരുന്നു. നിലവിൽ ജൂൺ അഞ്ച് വരെ സുകാന്തിനെ കസ്റ്റഡിയിൽ വിട്ടിരിക്കുകയാണ്. മാർച്ച് 24നാണ് തിരുവനന്തപുരം പേട്ടയിലെ റെയിൽവേ ട്രാക്കിൽ പത്തനംതിട്ട സ്വദേശിയായ ഐബി ഉദ്യോഗസ്ഥയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

തുടർന്ന് മകളുടെ മരണത്തിന് പിന്നിൽ സുഹൃത്തായ സുകാന്താണെന്ന് ആരോപിച്ച് കുടുംബം രംഗത്തെത്തി. അസ്വാഭാവിക മരണത്തിനാണ് പൊലീസ് ആദ്യം കേസെടുത്തത്. അന്വേഷണം ആരംഭിച്ചതോടെ സുകാന്തും കുടുംബവും ഒളിവിൽ പോയി. ഇതിനിടെ മകൾ ലൈംഗിക ചൂഷണത്തിന് ഇരയായെന്നതിനുള്ള തെളിവുകൾ യുവതിയുടെ പിതാവ് പൊലീസിന് നൽകി. തുടർന്ന് സുകാന്തിനെതിരെ ബലാത്സംഗക്കുറ്റം ചുമത്തി പൊലീസ് കേസെടുക്കുകയായിരുന്നു.

# മലപ്പുറം തീവ്രവാദികളുടെ നാടാണെന്ന നിലപാടിൽ സി.പി.എം ഉറച്ച് നിൽക്കുന്നുണ്ടോ: വി.ഡി. സതീശൻ



മലപ്പുറം: മുഖ്യമന്ത്രിയെയും സി.പി.എമ്മിനെയും കടന്നാക്രമിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ രംഗത്ത്. മലപ്പുറം മുഴുവൻ തീവ്രവാദികളുടെ നാടാണെന്ന നിലപാടിൽ ഉറച്ച് നിൽക്കുന്നുണ്ടോയെന്ന് സതീശൻ ചോദിച്ചു. രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും വിജയിച്ചത് തീവ്രവാദികളു??ട വോട്ട് നേടിയിട്ടാണോ??? നിലമ്പൂരിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സതീശൻ. വിവിധ കാലങ്ങളിൽ സി.പി.എം നേതാക്കൾ മലപ്പുറത്തെ ജില്ലയെ പ്രതിക്കൂട്ടിൽ നിർത്തി നടത്തിയ പ്രസ്താവനകൾ ചൂണ്ടികാണിച്ചാണ് സതീശന്റെ വിമർശനം. നിലമ്പൂർ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പഴയ പ്രസ്താവനകളിൽ ഉറച്ച് നിൽക്കുന്ന?ുണ്ടോയെന്നാണ് സതീശന്റെ ചോദ്യം.

മലപ്പുറം ജില്ലയെ കുറിച്ച് ഗുരുതരമായ ആരോപണം ഉന്നയിച്ച ആളാണ് മുഖ്യമന്ത്രി. ഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ പി.ആർ ഏജൻസി വഴി സംഘ്പരിവാറിന് കുടപിടിച്ച് കൊണ്ടിരിക്കുന്ന സമീപനമാണ് കണ്ടത്. നിലമ്പൂരിൽ ഇടതുപക്ഷത്തിന് നേതൃത്വം നൽകുന്നത് എ. വിജയരാഘവനാണ്. ഇദ്ദേഹം മാത്രം ഒര് ഡസനിലേറെ തവണ മലപ്പുറ?ത്തെ പ്രതിക്കൂട്ടിൽ നിർത്തിയിട്ടുള്ള പ്രസ്താവന നടത്തിയിട്ടുണ്ട്. ഒടുവിൽ, പറഞ്ഞത് പ്രിയങ്ക ഗാന്ധി വിജയിച്ചത് തീ?വ്രവാദികളുടെ വോട്ട് നേടിയാണെന്നാണ്. ഇത്, വിജയരാഘവൻ ഒറ്റക്ക് പറഞ്ഞതല്ല.

പിണറായി വിജയൻ പറഞ്ഞത് ആവർത്തിക്കുകയാണ്. മലപ്പു?റത്ത് എന്ത് സമരം നടന്നാലും അപ്പോൾ സി.പി.എം നേതാക്കൾ പറയുന്നത്, പിന്നിൽ മുസ്‌ലീം തീവ്രവാദികളാണ് അല്ലെങ്കിൽ ഇസ്‌ലാം തീവ്രവാദികളാണെന്ന്. ഇവിടെ, ദേശീയ പാത സ്ഥലമെടുപ്പിനെതിരെ സമരം നടത്തിയവരെപ്പോലും സി.പി.എം തീവ്രവാദികളാക്കി. ഇപ്പോഴും അതെ നിലപാടു തന്നെ?യാണോയെന്ന് സി.പി.എമ്മിനുള്ളതെന്ന് വ്യക്തമാക്ക?ണ?മെന്ന് സതീശൻ ആവശ്യപ്പെട്ടു.

### ഇറാനിൽ കാണാതായ ഇന്ത്യക്കാരെ കണ്ടെത്തി; മോചനം സ്ഥിരീകരിച്ച് ഇറാൻ എംബസി

ടെഹ്റാൻ: ഇറാനിൽ നിന്ന് കാണാതായ മൂന്ന് ഇന്ത്യക്കാരെ കണ്ടെത്തി. മൂന്ന് പേരെയും മോചിപ്പിച്ചെന്ന് ഇന്ത്യയിലെ ഇറാൻ എംബസിയാണ് അറിയിച്ചത്. പഞ്ചാബ് സ്വദേശികളായ ഹുഷൻപ്രീത് സിംഗ്, ജസ്പാൽ സിംഗ്, അമൃത്പാൽ സിംഗ് എന്നിവരെയാണ് കഴിഞ്ഞ മാസം കാണാതായത്. മേയ് ഒന്നിന് ഇറാനിൽ വിമാനമിറങ്ങിയതിന് പിന്നാലെ കാണാതാകുകയായിരുന്നു. ടെഹ്റാൻ പൊലീസാണ് ഇവരെ മോചിപ്പിച്ചത്.

കാണാതായ ഇന്ത്യക്കാരുടെ കാര്യത്തിൽ ഇറാനിയൻ അധികൃതരുമായി ചർച്ച നടത്തിയെന്ന് വിദേശകാര്യ മന്ത്രാലയം കഴിഞ്ഞ ആഴ്ച പറഞ്ഞിരുന്നു. ഡൽഹിയിൽ നിന്ന് ദുബായ് - ഇറാൻ വഴി ഓസ്ട്രേലിയയിലേക്ക് ജോലിക്ക് പോകാനിരുന്നവരാണ് ഇവർ. പഞ്ചാബിലെ ഒരു ഏജന്റാണ് ഇവരെ ഓസ്ട്രേലിയയിൽ എത്തിക്കാമെന്ന് വാഗ്ദാനം ചെയ്തത്. ഇറാനിൽ ഇവർക്ക് താൽക്കാലിക താമസവും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഇറാനിൽ ഇറങ്ങിയതിന് പിന്നാലെ ഇവരെ കാണാതാകുകയായിരുന്നു. ഇവർക്ക് ജോലി വാഗ്ദാനം ചെയ്ത ഏജന്റ് ഒളിവിലാണ്.

യുവാക്കളെ തട്ടിക്കൊണ്ടുപോയതാണെന്നും മോചനദ്രവ്യമായി ഒരു കോടി രൂപ ആവശ്യപ്പെട്ടുവെന്നും ഇവരുടെ കുടുംബം പൊലീസിൽ അറിയിച്ചിരുന്നു. മൂന്നുപേരുടെയും കൈകൾ കെട്ടിയിട്ട വീഡിയോയും ചിത്രങ്ങളും സംഘം അയച്ചുതന്നതായും കുടുംബം കൂട്ടിച്ചേർത്തു. ഇവരുടെ ദേഹത്ത് മുറിവുകളും ചതവുകളും ഉണ്ടായിരുന്നു.

## കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 162/2018

തൃശൂർ താലൂക്ക് തൃശൂർ വില്ലേജ് ദേശത്ത് കരുണാകരൻ നമ്പ്യാർ റോഡിൽ സ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന ഹൈവെൽത്ത് കുറീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ

- ഹരജി/അന്യായം

തൃശൂർ താലൂക്ക് കുറിച്ചിക്കര വില്ലേജ് താണിക്കുടം കാട്ടുശ്ശേരി ചന്ദ്രൻ മകൻ 25 വയസ് ബിസിനസ്സ്, ശരത്ത്ചന്ദ്രൻ

-3-ാം എതൃകക്ഷി

മേൽ നമ്പറിൽ 3-ാം എതൃകക്ഷിക്കുള്ള സമൻസ് കല്പന പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽനമ്പർ കേസ് **16-06-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 03-06-2025

അന്യായഭാഗം അഡ്വക്കെറ്റ്

**ബെന്നി പി തെക്കത്ത്** (ഒപ്പ്)

# 'വെറുപ്പുളവാക്കുന്ന വൃത്തികേട്, ഇനിയുമിത് സഹിക്കാൻവയ്യ'; ട്രംപിന്റെ നികുതി ബില്ലിനെതിരേ മസ്ക്



വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റുമായി തെറ്റിപ്പിരിഞ്ഞതിന് പിന്നാലെ ട്രംപിനെതിരായ രൂക്ഷവിമർശനം തുടർന്ന് ഇലോൺ മസ്ക്. ട്രംപ് സർക്കാർ അവതരിപ്പിച്ച 'ബിഗ് ബ്യൂട്ടിഫുൾ' ബിൽ വെറുപ്പുളവാക്കുന്ന വൃത്തികേടെന്ന് മസ്ക് എക്സിൽ കുറിച്ചു. ജനക്ഷേമപ്രവർത്തനങ്ങൾക്കായുള്ള തുക വർധിപ്പിക്കാനും പ്രാദേശിക നികുതി ഇളവുകൾ നൽകാനും ലക്ഷ്യമിട്ടായിരുന്നു ബിഗ് ബ്യൂട്ടിഫുൾ ബിൽ എന്ന് വിശേഷിപ്പിച്ച ബിൽ ട്രംപ് അവതരിപ്പിച്ചത്. ഇതിനെ മസ്ക് എതിർത്തിരുന്നു.

'ക്ഷമിക്കണം, ഇനിയുമെനിക്കിത് സഹിക്കാൻ പറ്റില്ല. ഈ ബിൽ വെറുപ്പുളവാക്കുന്ന വൃത്തികേടാണ്. ഇതിന് വോട്ട് ചെയ്തവരെ ഓർത്ത് ലജ്ജിക്കുന്നു. നിങ്ങൾ തെറ്റ് ചെയ്തുവെന്ന് നിങ്ങൾക്കറിയാം', മസ്ക് എക്സിൽ കുറിച്ചു.

മസ്കിന്റെ പ്രതികരണത്തിന് പിന്നാലെ ബില്ലിനെ ന്യായീകരിച്ച് വൈറ്റ് ഹൗസ് രംഗത്തെത്തി. ഈ ബില്ലിൽ മസ്ക് എവിടെയാണ് നിൽക്കുന്നതെന്ന് പ്രസിഡന്റിനറിയാം. അത് പ്രസിഡൻറിൻറെ അഭിപ്രായത്തിൽ മാറ്റം വരുത്താൻ പോകുന്നില്ല. ഇത് വലിയൊരു ബില്ലാണ്, മനോഹരമായതും. പ്രസിഡന്റ് അതിൽ ഉറച്ചുനിൽക്കുന്നുവെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലിവിറ്റ് പറഞ്ഞു.

ഇലോൺ മസ്ക് രാജിവെച്ച പശ്ചാത്തലത്തിൽ അദ്ദേഹം കൈകാര്യംചെയ്തിരുന്ന യുഎസ് സർക്കാരിന്റെ ചെലവുചുരുക്കലിനുള്ള കാര്യക്ഷമതാ വകുപ്പ് (ഡോജ്) പ്രസിഡന്റ് ഡൊണാൾഡ് ട്രംപും കാബിനറ്റ് സെക്രട്ടറിമാരും ചേർന്ന് മുന്നോട്ടുകൊണ്ടുപോകുമെന്നാണ് അറിയിച്ചത്. മസ്ക് പടിയിറങ്ങി മണിക്കൂറുകൾക്കുള്ളിൽ വകുപ്പ് പുനഃസംഘടിപ്പിച്ച കാര്യം വൈറ്റ്ഹൗസ് മാധ്യമസെക്രട്ടറി കരോലിൻ ലീവിറ്റ് അറിയിച്ചിരുന്നു.

നിശ്ചയിച്ചപ്രകാരം ഡോജിലെ തന്റെ സമയം അവസാനിച്ചെന്നും പടിയിറങ്ങുകയാണെന്നുമായിരുന്നു എക്സിലൂടെയാണ് മസ്ക് പ്രഖ്യാപിച്ചത്. പ്രത്യേക സർക്കാർ ജീവനക്കാരൻ എന്നനിലയ്ക്കുള്ള തന്റെ കടമ നിർവഹിച്ചെന്ന് മസ്ക് പറഞ്ഞു. സർക്കാരിന്റെ പാഴ്ച്ചെലവുകൾ കുറയ്ക്കാൻ അവസരം നൽകിയതിന് ട്രംപിന് നന്ദിയറിയിക്കുകയും ചെയ്തിരുന്നു.

ട്രംപ് ഭരണകൂടത്തിൽ പ്രത്യേകപദവിയുള്ള ജീവനക്കാരൻ എന്നനിലയിൽ മസ്കിന്റെ 130 ദിവസത്തെ കാലാവധി മേയ് അവസാനത്തോടെ തീരാനിരിക്കുകയായിരുന്നു പടിയിറക്കം. ട്രംപിന്റെ തിരഞ്ഞെടുപ്പു പ്രചാരണത്തിന് ചുക്കാൻപിടിച്ചതും തിരഞ്ഞെടുപ്പുഫണ്ടിലേക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകിയതും മസ്കാണ്. ജനുവരിയിൽ രണ്ടാമതും അധികാരത്തിലെത്തിയപ്പോൾ 'ഒരു നക്ഷത്രം ജനിക്കുന്നു' എന്നാണ് മസ്കിനെ ട്രംപ് വിശേഷിപ്പിച്ചത്.

## COURT NOTICE

**BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL, THRISSUR**

**OP (MV) 884/2016**

**IA: No. 1/2020**

M/s. Universal Sompo General Insurance Co. Ltd

-Petitioner/3rd Respondent

1)Thirupathi Translogics Ltd., Gurgaon, Hariyana

2) Remeshkumar, Tripthi, Cheesari Village, Chilh, Mirzapur-231312

-1st & 2nd Respondent

The above number case is posted on **05-07-2025** for the publication of Notice in the News Paper and affixture against 1st & 2nd Respondents for the production of Driving Licence of 2nd Respondent by the 1st & 2nd Respondents. If anyone have any objection, to appear before the court on the said day at 11.00 am otherwise, the case shall be decided as ex-parte.

Date this the day of 4th June 2025

Counsel for petitioner

**Adv.P. O. BONNY** (S/d)

